കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

**കേരള സംഗീത നാടക അക്കാദമി - സംസ്ഥാന അമേച്വർ നാടകോത്സവം സംഘാടനത്തിനായി അപേക്ഷകൾ ക്ഷണിച്ചു.**

അമേച്വർ നാടകങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേരള സംഗീത നാടക അക്കാദമിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ തുടങ്ങികഴിഞ്ഞു. 20 നാടകസംഘങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ടുള്ള 40 രംഗാവതരണങ്ങൾ കേരളത്തിലങ്ങോളമിങ്ങോളം സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. സെപ്തംബർ രണ്ടാംവാരത്തോടുകൂടി നാടകോത്സവത്തിന് തുടക്കം കുറിക്കും. സംസ്ഥാനത്തെങ്ങുമുള്ള തെരഞ്ഞെടുക്കുന്ന 10 കേന്ദ്രങ്ങളിൽ 4 അവതരണങ്ങൾ വീതം നടക്കും. മികച്ച സാങ്കേതിക സംവിധാനങ്ങളോടെ വൻജനകീയ പങ്കാളിത്തത്തോടെ അക്കാദമിയുടെ അമേച്വർ നാടകോത്സവം കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കുന്നതിന് തയ്യാറുള്ള കലാസംഘടനകൾ / സ്ഥാപനങ്ങൾ / സാംസ്കാരിക കൂട്ടായ്മകൾ എന്നിവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരീക്ഷണ നാടകങ്ങൾ ഉൾപ്പെടെയുള്ള അമേച്വർ നാടകങ്ങൾക്ക് ഉതകുന്ന വിധത്തിലുള്ള സ്റ്റേജ്, ഓഡിറ്റോറിയങ്ങളും ഇരിപ്പിടവും സംഘാടക സമിതി സ്വന്തം ചെലവിൽ ഒരുക്കേണ്ടതാണ്. അക്കാദമി അനുവദിക്കുന്ന ലൈറ്റ് & സൗണ്ട് സംവിധാനങ്ങൾക്ക് പുറമെ വരുന്ന സാങ്കേതിക സംവിധാനങ്ങളുടെയും ജനറേറ്ററുകളുടെയും ചെലവുകളും നാടകസംഘത്തിലെ കലാകാരന്മാരുടെ താമസം, ഭക്ഷണം എന്നിവയും സംഘാടക സമിതി വഹിക്കേണ്ടതാണ്. അക്കാദമിയുടെ പ്രവർത്തനത്തിലെ ഏറ്റവും ശക്തമായതും ജനകീയമായതുമായ അമേച്വർ നാടകോത്സവത്തിന്റെ സംഘാടനം ഏറ്റെടുക്കുന്നതിലൂടെ അക്കാദമിയുടെ പ്രവർത്തനങ്ങളുടെ ഭാഗമാവുക കൂടിയാണ് ചെയ്യുന്നത്. അക്കാദമിക്ക് ഭാരിച്ച സാമ്പത്തിക ഉത്തരവാദിത്വം വരുന്ന ഈ പരിപാടിയുടെ സംഘാടനത്തിനായി അക്കാദമിയോടൊപ്പം ചേർന്ന് പ്രവർത്തിക്കാൻ താല്പര്യം ഉള്ളവർ 24-08-2023 ന് മുൻപായി താഴെപ്പറയുന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

വിലാസം : സെക്രട്ടറി,
കേരള സംഗീത നാടക അക്കാദമി,
തൃശ്ശൂർ - 680 020.
ഫോൺ : 0487 2332 134.

ഇമെയിൽ : ksnakademi@gmail.com

കരിവെള്ളൂർ മുരളി
സെക്രട്ടറി.